39052/T3/16/RD

# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.893 29.09.2016- ൽ മറുപടിക്ക്

## കടമ്പാർ വില്ലേജ് ഓഫീസർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ** (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിലെ മഞ്ചേശ്വരം കടമ്പാർ വില്ലേജ് ഓഫീസർ പോൾ തോമസ് എപ്പോഴാണ് പ്രസ്തുത തസ്തികയിൽ നിയമിതനായതെന്ന് വ്യക്തമാക്കാമോ; | (എ) | ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ 28/07/2016-ലെ ഇ(7)-3201/2016 നം.നടപടിക്രമപ്രകാരമുള്ള പ്രമോഷൻ ഉത്തരവനുസരിച്ച് 17/08/2016 പൂർവ്വാഹ്നം മഞ്ചേശ്വരം തഹസിൽദാർ മുമ്പാകെ ജോലിയിൽ പ്രവേശിച്ചു. |
| (ബി) | മഞ്ചേശ്വരം കടമ്പാറിൽ നിയമിക്കപ്പെടുന്നതിന് മുൻപ് പോൾ തോമസ് എവിടെ ഏത് തസ്തികയിലായിരുന്നു ജോലി ചെയ്തിരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കണ്ണൂർ ജില്ലയിലാണ് ശ്രീ പോൾ തോമസ് ജോലിയിൽ പ്രവേശിച്ചത്.പിന്നീട് സീനിയർ ക്ലാർക്കായി 2005 ജനുവരിയിൽ കാസറഗോഡ് ജില്ലയിലേക്ക് മാറ്റുകയും ഒക്ടോബറിൽ കണ്ണൂരിലേക്ക് തിരികെ വരുകയും ചെയ്തു. 2007 മാർച്ചിൽ തിരുവനന്തപുരത്തേക്ക് സർവ്വേ ഡയറക്ടറേറ്റിൽ നിയമിച്ചു. ആ വർഷം തന്നെ നവംബറിൽ കൊല്ലത്തേക്ക് സ്ഥലം മാറ്റി നൽകി. കാസറഗോഡ് ജില്ലയിലേക്ക് വില്ലേജ് ഓഫീസറായി നിയമിക്കപ്പെടുമ്പോൾ കൊല്ലം കളക്ടറേറ്റിൽ സീനിയർ ക്ലാർക്കായിരുന്നു. |
| (സി) | മഞ്ചേശ്വരത്തേക്കു മാറ്റിയതിൽ പോൾ തോമസിനു അതൃപ്തി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | കൊല്ലം ജില്ലയിലെ ഏറ്റവും സീനിയറായതിനാൽ തൃശ്ശൂർ ജില്ലയിലെങ്കിലും നിയമനം കിട്ടുമെന്നായിരുന്നു പ്രിതീക്ഷിച്ചതെന്നും വിരമിക്കാൻ ഒരു കൊല്ലവും പതിനൊന്നുമാസവും | (ഡി) | കൊല്ലം, കാസറഗോഡ് എന്നീ ജില്ലാ കളക്ടർമാർ മുഖേനയോ, നേരിട്ടോ ലാൻഡ് റവന്യൂ കമ്മീഷണർക്ക് ടിയാൻ അപേക്ഷ സമർപ്പിച്ചിട്ടില്ല. |

മാത്രമാണെന്നത് കണക്കിലെടുക്കണമെന്നും സൂചിപ്പിച്ച് പോൾ തോമസ് ലാൻഡ് റവന്യൂ കമ്മീഷണർക്ക് അപേക്ഷ നൽകിയിരുന്നോ; എങ്കിൽ ഈ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) എൽ. പി. സി. (ലാസ്റ്റ് പേ സർട്ടിഫിക്കറ്റ്) കാസർഗോഡ് എത്താതിരുന്നതിനെ തുടർന്ന് ആഗസ്റ്റിലെ ശമ്പളം പോൾ തോമസിന് കിട്ടിയിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പോൾ തോമസിനെ 2016 സെപ്റ്റംബർ 10 ന് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; മാനദണ്ഡങ്ങൾ മറികടന്ന് ജീവനക്കാരെ സ്ഥലം മാറ്റുന്ന സർക്കാർനയത്തിന്റെ ഇരയാണ് പോൾ തോമസെന്ന ആക്ഷേപം വന്ന സാഹചര്യത്തിൽ അന്വേഷണം അഭികാമ്യമെന്ന് കരുതുന്നുണ്ടോ;

(എഫ്) കൊല്ലം, കാസർഗോഡ് ജില്ലാ കളക്ടർമാരുടെ വകുപ്പ്തല റിപ്പോർട്ട് പ്രകാരം പോൾ തോമസ് 2016 സെപ്റ്റംബർ 09 ന് ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിൽ അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടില്ല.
സർക്കാർനയത്തിന്റെ ഇരയാണെന്ന ആക്ഷേപത്തിന് അടിസ്ഥാനമില്ല.

സെക്ഷൻ ഓഫീസർ